REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് കേരളത്തിലെത്തും. മാവേലിക്കരയിൽ സൈനിക് സ്കൂളും ആറന്മുളയിൽ കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും.**
- **ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിയുടെ പത്താം വാർഷികം ഇന്ന്.**
- **ഉത്സവങ്ങളിൽ ആന എഴുന്നള്ളിപ്പ് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നിർദേശം ഹൈക്കോടതി തത്വത്തിൽ അംഗീകരിച്ചതായി മന്ത്രി AK ശശീന്ദ്രൻ.**
- **ബോബി ചെമ്മണ്ണൂരിന് എറണാകുളം ജില്ലാ ജയിലിൽ അനധികൃതമായി സന്ദർശകരെ അനുവദിച്ച സംഭവത്തിൽ രണ്ട് ജയിൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു.**
- **സംസ്ഥാനത്ത് ഒരു വിഭാഗം അധ്യാപകരും ജീവനക്കാരും ഇന്ന് പണി മുടക്കും.**
- **ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.**

## വാർത്തകൾ വിശദമായി

രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. മാവേലിക്കരയിലെ വിദ്യാധിരാജ വിദ്യാപീഠം സൈനിക് സ്കൂളിന്റെ ഔദ്യോഗിക ഉദ്ഘാടനം അദ്ദേഹം വൈകീട്ട് നിർവഹിക്കും.

കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനവും കേന്ദ്രമന്ത്രി ആറന്മുളയിൽ ഉദ്ഘാടനം ചെയ്യും. കൊച്ചിയിലെ നാവിക സേനാ കേന്ദ്രവും രാജ്നാഥ് സിങ്ങ് സന്ദർശിക്കും.

രാജ്നാഥ് സിംഗിന്റെ സന്ദർശനം കണക്കിലെടുത്ത് ഉച്ച കഴിഞ്ഞ് 2.30 മുതൽ ആറന്മുളയിലും സമീപപ്രദേശങ്ങളിലും ഗതാഗത ക്രമീകരണം ഏർപ്പെടുത്തി.

✪✪✪

NCC കേഡറ്റുകൾക്ക് നൽകുന്ന പരമോന്നത ബഹുമതിയായ 'രക്ഷാ മന്ത്രി പദക്' കേരള ബറ്റാലിയൻ NCC വയനാട് അണ്ടർ ഓഫീസർ തേജ VPക്ക് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമ്മാനിച്ചു. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ ദുരന്തത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ നിസ്വാർത്ഥ സേവനം, കർത്തവ്യബോധം, നേതൃത്വം, കാരുണ്യം എന്നിവയ്ക്കു പ്രതിബദ്ധത കണക്കിലെടുത്താണ് തേജ VPക്ക് ബഹുമതി ലഭിച്ചത്.

റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന NCC ക്യാമ്പിലാണ് രാജ്നാഥ് സിംഗ് ബഹുമതി സമ്മാനിച്ചത്. കൽപ്പറ്റയിലെ NMSM കോളേജിലെ BA മാസ് കമ്മ്യൂണിക്കേഷൻ & ജേണലിസം മൂന്നാം വർഷ വിദ്യാർത്ഥിനിയാണ് തേജ.

✪✪✪

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിയുടെ പത്താം വാർഷികം ഇന്ന് ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ വിജ്ഞാൻഭവനിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി JP നദ്ദ പങ്കെടുക്കും. പെൺകുട്ടികളെ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും ശാക്തീകരിക്കുന്നതിനുമാണ് പത്ത് വർഷം മുമ്പ് പദ്ധതി ആരംഭിച്ചത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ന്യൂഡൽഹിയിൽ നടക്കുന്ന ആഘോഷപരിപാടിയിൽ സായുധ സേന, പാരാ മിലിട്ടറി സേന, ഡൽഹി പൊലീസ്, പെൺകുട്ടികൾ, അംഗൻവാടി ജീവനക്കാർ എന്നിവർ പങ്കെടുക്കുമെന്ന് വനിതാ ശിശു വികസന മന്ത്രാലയം അറിയിച്ചു. പത്താം വാർഷിക ആഘോഷങ്ങൾ ഇന്ന് മുതൽ അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 വരെ നീണ്ടുനിൽക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമാനമായ പരിപാടികൾ സംഘടിപ്പിക്കും.

രാജ്യത്ത് ലിംഗ അസന്തുലിതാവസ്ഥയും കുറഞ്ഞുവരുന്ന കുട്ടികളുടെ ലിംഗാനുപാതവും എന്ന നിർണായക പ്രശ്നത്തോടു പ്രതികരണമായി പ്രധാനമന്ത്രി നരേന്ദ്ര മോദി 2015 ജനുവരി 22-ന് ഹരിയാനയിലെ പാനിപ്പത്തിലാണ് ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിക്ക് തുടക്കം കുറിച്ചത്. പത്തുവർഷം കൊണ്ട് പദ്ധതി ശ്രദ്ധേയമായ വിജയം കൈവരിച്ചു. ദേശീയ ലിംഗാനുപാതം 2014-15 ലെ 918 ൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം 930 ആയി മെച്ചപ്പെട്ടു. സെക്കൻഡറി തലത്തിൽ പെൺകുട്ടികളുടെ പ്രവേശനാനുപാതം 75.51 ശതമാനത്തിൽ നിന്ന് 78 ശതമാനമായി ഉയർന്നു.

✪✪✪

രാജ്യത്ത് നാല് കോടിയിലധികം സുകന്യ സമൃദ്ധി അക്കൗണ്ടുകൾ ആരംഭിച്ചതായി ഗവൺമെന്റ് അറിയിച്ചു. ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ കാമ്പെയ്നിന്റെ ഭാഗമായി 2015 ജനുവരി 22-നാണ് പദ്ധതി ആരംഭിച്ചത്. പോസ്റ്റ് ഓഫീസിലോ, നിയുക്ത വാണിജ്യ ബാങ്ക് ശാഖയിലോ പെൺകുട്ടികൾക്കായി കുറഞ്ഞത് 250 രൂപ നിക്ഷേപിച്ച് സുകന്യ സമൃദ്ധി അക്കൗണ്ട് തുറക്കാൻ മാതാപിതാക്കളെ അനുവദിക്കുന്നതാണ് പദ്ധതി.

പെൺകുട്ടി ജനിച്ചയുടൻ മുതൽ 10 വയസ്സ് തികയുന്നത് വരെ രക്ഷിതാവിന് അക്കൗണ്ട് തുറക്കാം.

✪✪✪

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ പാർട്ടി കൾ പ്രചാരണം ഊർജിതമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് 'മേരാ ബൂത്ത് സബ്സെ മജ്ബൂത്' പരിപാടിയിൽ BJP ബൂത്ത് ലെവൽ പ്രവർത്തകരുമായി നമോ ആപ്ലിക്കേഷൻ വഴി സംവദിക്കും. ഉച്ചയ്ക്ക് ഒരു മണിക്കാണ് പരിപാടി.

✪✪✪

ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചു ചർച്ച ഇന്നും നിയമസഭയിൽ തുടരും.

സംസ്ഥാനത്തെ നെല്ല് സംഭരണത്തിലെ പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രത്യേക സഹായ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് മുരളി പെരുനെല്ലി മന്ത്രി P. പ്രസാദിന്റെ ശ്രദ്ധ ക്ഷണിക്കും.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും മരണങ്ങളും പരമാവധി ഇല്ലാതാക്കുന്നതിനും സുരക്ഷിതമായ വാഹനയാത്ര ഉറപ്പുവരുത്തുന്നതിനും

വിവിധ ഗവൺമെന്റ് വകുപ്പുകളുടെ നടപടി ഏകോപനത്തോടെ സ്വീകരിക്കേണ്ടത് സംബന്ധിച്ച് രമേശ് ചെന്നിത്തല മന്ത്രി KB ഗണേഷ്കുമാറിന്റെ ശ്രദ്ധ ക്ഷണിക്കും.

✪✪✪

ഉത്സവങ്ങളിൽ ആന എഴുന്നള്ളിപ്പ് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് നിർദേശം ഹൈക്കോടതി തത്വത്തിൽ അംഗീകരിച്ചതായി മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. വിശദമായ ഉത്തരവ് കോടതി പുറപ്പെടുവിക്കുമെന്നും സംസ്ഥാനത്തെ ഉത്സവങ്ങൾ ആചാര പ്രകാരം നടത്തുന്ന തിനു സാഹചര്യം ഉണ്ടാകുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

ഉത്സവങ്ങൾക്ക് അനുമതി നൽകുന്ന ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ നിരീക്ഷണ സമിതിക്ക് തന്നെ വിവിധ ആരാധനാലയങ്ങളുടെ സ്ഥലത്തിന്റെ കിടപ്പ്, മറ്റ് സാഹചര്യങ്ങൾ, കാലാവസ്ഥ തുടങ്ങിയവ കണക്കിലെടുത്ത്, അകലം തീരുമാനിക്കാം എന്ന നിർദേശം ആണ് ഗവൺമെന്റ് കോടതിയിൽ അറിയിച്ചത്.

✪✪✪

നടി ഹണി റോസിനെതിരായ ലൈംഗികാധിക്ഷേപ കേസിൽ എറണാകുളം ജില്ലാ ജയിലിൽ കഴിയവെ ബോബി ചെമ്മണ്ണൂരിന് അനധികൃതമായി സന്ദർശകരെ അനുവദിച്ച സംഭവത്തിൽ രണ്ട് ജയിൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു. മധ്യമേഖലാ ജയിൽ DIG പി അജയകുമാർ, എറണാകുളം ജയിൽ സൂപ്രണ്ട് രാജു എബ്രഹാം എന്നിവരെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. ജയിൽ മേധാവി ബൽറാം കുമാർ ഉപാധ്യായയുടെ റിപ്പോർട്ടിലെ ശുപാർശ പരിഗണിച്ചാണ് നടപടി. റിമാൻഡിൽ കഴിയവേ ബോബി ചെമ്മണ്ണൂരിന്റെ സുഹൃത്തുക്കളുമായി മധ്യമേഖല DIG ജയിലിലെത്തി സൂപ്രണ്ടിന്റെ മുറിയിൽ കൂടിക്കാഴ്ചയക്ക് അവസരം നൽകിയെന്നാണ് ജയിൽ മേധാവിയുടെ കണ്ടെത്തൽ.

✪✪✪

സംസ്ഥാനത്ത് ഒരു വിഭാഗം അധ്യാപകരും ജീവനക്കാരും ഇന്ന് പണി മുടക്കും.

സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് ഓർഗനൈസേഷനും CPI യുടെ സർവീസ് സംഘടനയായ ജോയിന്റ് കൗൺസിലുമാണ് പണിമുടക്ക് പ്രഖ്യാപിച്ചത്.

പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാട്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കുക, ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുക, കുടിശ്ശികയായ ക്ഷാമബത്ത അനുവദിക്കുക, മെഡിസെപ്പ് ഗവൺമെന്റ് ഏറ്റെടുക്കുക, പന്ത്രണ്ടാം ശമ്പള

പരിഷ്കരണ നടപടികൾ ആരംഭിക്കുക, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്.

അതേസമയം, ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കുന്നത് ഡയസ് നോൺ ആയി കണക്കാക്കുമെന്ന് പൊതുഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. പണിമുടക്കുന്ന ദിവസത്തെ ശമ്പളം ഫെബ്രുവരിയിലെ ശമ്പളത്തിൽ നിന്ന് കുറവു ചെയ്യുമെന്ന് ഉത്തരവിൽ പറയുന്നു.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.

അഞ്ച് മത്സര പരമ്പരയിലെ ആദ്യമത്സരം രാത്രി എഴിന് കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ ആരംഭിക്കും.

ICC ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റിന് ഇന്ത്യൻ ടീമിൽ ഇടം നേടാതിരുന്ന മലയാളി വിക്കറ്റ് കീപ്പർ സഞ്ജു സാംസ്ൺ പരമ്പരയിൽ മത്സരത്തിനിറങ്ങും. ജോസ് ബട്ലർ നയിക്കുന്ന ഇംഗ്ലണ്ടിനെതിരേ സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലാണ് ഇന്ത്യ ഇറങ്ങുന്നത്.

ചെന്നൈ, രാജ്ഘട്ട്, പൂനെ, മുംബൈ എന്നിവിടങ്ങളിലാണ് മറ്റ് മത്സരങ്ങൾ.

✪✪✪

അണ്ടർ 19 വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് എയിൽ ഇന്ത്യക്ക് തുടർച്ചയായ രണ്ടാം ജയം. ക്വാലാലംപുരിൽ ആതിഥേയരായ മലേഷ്യയെ 10 വിക്കറ്റിനാണ് ഇന്ത്യ തോൽപ്പിച്ചത്. ആദ്യമത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ ഇന്ത്യ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

ഭിന്നശേഷിക്കാരുടെ ചാമ്പ്യൻസ് ട്രോഫി ട്വന്റി- 20 ക്രിക്കറ്റിൽ ഇന്ത്യക്ക് കിരീടം. ശ്രീലങ്കയിലെ കാതുനായകെ സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ ഇംഗ്ലണ്ടിനെ 79 റൺസിനാണ് ഇന്ത്യ തോൽപ്പിച്ചത്.

✪✪✪

മലപ്പുറം MSP മേൽമുറി ക്യാംപിലെ ഹവിൽദാറെ ക്വാർട്ടേഴ്സിൽ മരിച്ച നിലയിൽ കണ്ടെത്തി. കോഴിക്കോട് കുന്നമംഗലം ചൂലൂർ കരിക്കിനാരി KS.സച്ചിൻ ആണ് മരിച്ചത്.

✪✪✪

ദാമ്പത്യ ബന്ധത്തിലെ പ്രശ്നങ്ങൾ മൂലം കുഞ്ഞുങ്ങൾ ബലിയാടാവുന്ന സാഹചര്യമുണ്ടാകരുതെന്ന് സംസ്ഥാന വനിതാകമ്മീഷൻ അധ്യക്ഷ P സതീദേവി പറഞ്ഞു. മലപ്പുറം ജില്ലാ തല അദാലത്തിൽ സംസാരിക്കുകയായിരുന്നു അവർ. അദാലത്തിൽ ലഭിച്ച 44 പരാതികളിൽ 10 എണ്ണം തീർപ്പാക്കിയതായും അവർ അറിയിച്ചു. ഗാർഹിക ചുറ്റുപാടുകളിലെ പ്രശ്നങ്ങളാണ് പ്രധാനമായും അദാലത്തിൽ ഉന്നയിക്കപ്പെട്ടതെന്നും സതീദേവി പറഞ്ഞു.

✪✪✪

റെയിൽവേ സ്റ്റേഷൻ പരിസരത്ത് മധ്യവയസ്കനെ മദ്യമൊഴിച്ചു തീ കൊളുത്തിയ കേസിലെ പ്രതിയ്ക്ക് കോഴിക്കോട് സെക്കൻഡ് അഡീഷണൽ ജില്ലാ സെഷൻസ് കോടതി ജീവപര്യന്തം തടവും 1 ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു.

കൊടുവള്ളി വലിയപറമ്പ് സ്വദേശി ഷൌക്കത്തിനെ കൊലപെടുത്തിയ കേസിൽ തമിഴ്നാട് സ്വദേശി മണിവണ്ണനെയാണ് കോടതി ശിക്ഷിച്ചത്.

✪✪✪

ആഡംബര ഹോട്ടലുകളിൽ മുറിയെടുത്ത് മയക്കുമരുന്ന് വിൽപ്പന നടത്താനായി വന്ന രണ്ട് പേരെ കോഴിക്കോട് കാരന്തൂരിൽ പൊലീസ് പിടി കൂടി.

കാസർകോഡ് മഞ്ചേശ്വരം സ്വദേശി ഇബ്രാഹിം മുസമിൽ കോഴിക്കോട് വെള്ളിപറമ്പ് സ്വദേശി അഭിനവ് എന്നിവരാണ് പിടിയിലായത്.

ഇവരിൽ നിന്ന് 221 ഗ്രാമിലധികം MDMA കണ്ടെടുത്തു.

✪✪✪

കാസർകോട് ജില്ലയിലെ ബാലനീതി സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കായി സംഘടിപ്പിച്ച 'വഴികാട്ടി'തൊഴിൽ പരിശീലന പദ്ധതിയിൽ 28 വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കി. ജില്ലയിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളെ അസാപ്പ് കേരളയുടെ സഹായത്തോടെ അഭിരുചി നിർണയം നടത്തി.

✪✪✪

കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഈ മാസം 30 മുതൽ അടുത്ത മാസം 12 വരെ കോഴിക്കോട് ജില്ലയിൽ അശ്വമേധം 6.0 ക്യാമ്പയിൻ സംഘടിപ്പിക്കും. ഇതിന് മുന്നോടിയായി ജില്ലാ കളക്ടർ സ്നേഹിൽ കുമാർ

സിംഗിന്റെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഏകോപന യോഗം ചേർന്നു.

രണ്ടാഴ്ചത്തെ ക്യാമ്പയിൻ കാലത്ത് ജില്ലയിലെ എല്ലാവീടുകളും ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് കുഷ്ഠ രോഗത്തിനു സമാനമായ ലക്ഷണങ്ങളോട് കൂടിയ ആളുകളെ കണ്ടെത്തുകയും അവരെ രോഗ നിർണയത്തിനായി ആശുപത്രിയിൽ പോകുന്നതിനു ഉപദേശം നൽകുകയും ചെയ്യും. ഗൃഹപരിശോധനയിലൂടെ കണ്ടെത്തിയ രോഗികൾക്ക് തുടർചികിത്സയും ഉറപ്പ് വരുത്തും.

2024-25 വർഷം സംസ്ഥാനത്ത് 235 കുഷ്ഠരോഗ കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 25 എണ്ണം കോഴിക്കോട് ജില്ലയിലാണ്.

✪✪✪

MPമാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ വലിയ പുരോഗതി കൈവരിച്ചതായി ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. MP ലാഡ്സ് പദ്ധതികളുടെ പുരോഗതി അവലോകന യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്നും 2 ഡിഗ്രി സെൽഷ്യസ് മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

*News Editor: ചന്ദ്രബാബു പി*
*News Reader: ഹക്കീം കൂട്ടായി*
*Casual News Readers: സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*